**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **13-01-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിന് എത്രകോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഓരോ പദ്ധതിയും അനുവദിച്ച തുകയും വിശദാംശങ്ങളും ലഭ്യമാക്കാമോ ;പദ്ധതിയുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിന് 145 കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. ശബരിമലയിലേക്ക് പോകുന്ന തീർത്ഥാടകർക്ക് ഇടയ്ക്ക് വിശ്രമിക്കാനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനും മറ്റും ഉതകത്തക്കരീതിയിൽ ചുവടെ പറയുന്ന സ്ഥലങ്ങളിലെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് 145 കോടി രൂപ ചെലവിൽ കിഫ്ബി മുഖാന്തരം ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം നിർവ്വഹിക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുന്നതാണ്. ഓരോ പദ്ധതിയും അനുവദിച്ച തുകയും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. 1. നിലയ്ക്കൽ - 53.60 കോടി രൂപ 2. എരുമേലി- 14.15കോടി രൂപ 3. കഴക്കൂട്ടം - 10.05 കോടി രൂപ 4.ചെങ്ങന്നൂർ- 9.55കോടി രൂപ 5.ശുകപുരം- 7.75കോടിരൂപ 6. മണിയൻകോട്- 8.95 കോടിരൂപ 7.ചിറങ്ങര - 11.10 കോടി രൂപ 8.നിലയ്ക്കൽ 5 MLD സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - 29.85 കോടി രൂപ ആകെ -145 കോടി രൂപ പരാമർശ വിധേയമായ പ്രവൃത്തികൾ നടത്തുന്നതിന് ട്രാവൻകൂർ ദേവസ്വം ബോർഡിനെ SPV(Special purpose vehicle)ആയും കേന്ദ്ര സർക്കാർ ഏജൻസിയായ NBCCയെ (National Building Construction Corporation) PMC(Project Management Consultancy) ആയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | റാന്നിയിൽ അനുവദിച്ചിട്ടുള്ള ശബരിമല പാർക്കിംഗ് ഗ്രൗണ്ട് നിർമ്മാണം ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | റാന്നിയിൽ 5 കോടി രൂപയുടെ വാഹന പാർക്കിംഗ് ഗ്രൗണ്ടിനുള്ള പദ്ധതി വിഭാവനം ചെയ്തിരുന്നു. എന്നാൽ, അവിടെ വാഹന പാർക്കിംഗിന് ഉദ്ദേശിക്കുന്ന സ്ഥലം വ്യവഹാരങ്ങളിൽ പെട്ട് |

| | | | |
|---|---|---|---|
| | | | കിടക്കുന്നതാണ് എന്നും റാന്നിയിൽ വാഹന പാർക്കിംഗിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലായെന്നും പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ